# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2017 മേയ് 10, ബുധൻ

**നമ്പർ 67**

രാവിലെ 8.30 -ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ചെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

റബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ചമൂലവും വിലസ്ഥിരതാഫണ്ട് പദ്ധതി നിലച്ചതുമൂലവും കുടിശ്ശിക തുക നൽകുന്നതിലുള്ള വീഴ്ചമൂലവും സംസ്ഥാനത്തെ കർഷകർ നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. സണ്ണി ജോസഫും മറ്റ് രണ്ട് അംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. കൃഷി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് കേരള കോൺഗ്രസ് (എം), ബി.ജെ.പി. എന്നീ കക്ഷികൾ ഒഴികെയുള്ള പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) സംസ്ഥാനത്ത് നടക്കുന്ന ആർഭാട വിവാഹങ്ങൾ സൃഷ്ടിക്കുന്ന സാമ്പത്തികവും സാമൂഹികവുമായ ആഘാതങ്ങളിലേക്ക് ശ്രീ. മുല്ലക്കര രത്നാകരൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് അവയവം മാറ്റിവയ്ക്കൽ നടപടിക്രമങ്ങളിൽ നിലനിൽക്കുന്നതായി പറയപ്പെടുന്ന സങ്കീർണ്ണതകൾ ലഘൂകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. മമ്മൂട്ടി ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 940/2017 (i).

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. സി. ജോസഫ് | ഇരിക്കൂറിലെ കഞ്ഞാമിനയുടെ മരണവുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടെത്തുന്നത് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | വിദ്യാഭ്യാസ വായ്പയ്ക്ക് പ്രഖ്യാപിച്ച ഇളവ് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ടി. ബൽറാം | കൂറ്റനാട് മലറോഡ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് | മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ് പുനരുദ്ധരിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. മഞ്ഞളാംകുഴി അലി | താഴേക്കോട്, ആലിപ്പറമ്പ് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന CARWSS കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. വിജയൻ പിള്ള | നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. വി. അബ്ദുറഹിമാൻ | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ജില്ലാ ആശുപത്രിയിൽ, തസ്തികകൾ സൃഷ്ടിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. അനിൽ അക്കര | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിലെ ലാബ്, ഡയാലിസിസ് യൂണിറ്റുകൾ ശരിയായി പ്രവർത്തിക്കാത്തതുമൂലമുണ്ടായ മരണങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി, അങ്കമാലി റെയിൽവേ സ്റ്റേഷനുകളിൽ പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള മറുപടികളും അവ യഥാസമയം നൽകാതിരുന്നതിനുള്ള കാരണം കാണിക്കുന്ന ചട്ടം 47(2) പ്രകാരമുള്ള കാലതാമസ പത്രികകളും സഹിതം സഭയുടെ മേശപ്പുറത്തുവച്ചു:

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ |
|---|---|---|
| 13 | 12 | 957, 4136 |
| 13 | 15 | 3027 |
| 13 | 16 | 200, 1566 |
| 14 | 2 | 825, 1543, 1577, 2679, 2897, 5473, 5487, 5977, 6283, 6332 |
| 14 | 4 | 36, 136, 182, 195, 215, 216, 276, 351, 874, 1938, 1961, 2185, 2373, 3514, 4102 |

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ എട്ട് മുതൽ പത്തുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

ധനകാര്യം :

## 2017-2018 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും അവതരിപ്പിച്ചു.

XV, XXX എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 4, 5, 7, 8, 9, 10, 12, 13, 14, 22, 25, 26 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXX-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 2, 3, 5, 6, 7, 8, 9, 11, 14, 15, 16, 17, 22, 23, 24, 25, 27, 28, 29 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. ബി. സത്യൻ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. സി. മമ്മൂട്ടി

ശ്രീ. എ. പ്രദീപ്കുമാർ

ശ്രീ. എ. പി. അനിൽ കുമാർ.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് XV, XXX എന്നീ ധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കി.

2017 മേയ് 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 4.10 -ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Fifth Session**

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, May 10, 2017*

**No 67**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Five questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Agriculture, the Speaker withheld consent to the moving of an adjournment motion given notice of by Shri Sunny Joseph and two other Members regarding the serious problems reported to be faced by farmers consequent on the fall in price of cash crops including rubber, inactiveness of price stability, fund scheme and lapse in the disbursement of arrear amount.

In protest against the attitude of the Government in the matter the Members belonging to the opposition except Kerala Congress (M) and BJP staged a walkout.

*Calling Attention:*

(1) Shri Mullakkara Retnakaran called attention of the Chief Minister to the socio-economic impact of wedding extravaganza in the State. The Chief Minister made a statement thereto.

(2) Shri C. Mammutty called the attention of the Minister for Health and Social Justice to the necessity to ease the complexities reportedly existing in organ transplantation procedures in the State. The Minister made a statement thereto.

KNPP. 940/2017(ii).

*The Matters raised by Members under Rule 304:*

The matters raised by Members in the House under Rule 304 are listed below.

| നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. സി. ജോസഫ് | ഇരിക്കൂറിലെ കുഞ്ഞാമിനയുടെ മരണവുമായി ബന്ധപ്പെട്ട പ്രതികളെ കണ്ടെത്തുന്നത് | മുഖ്യമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 2 | ശ്രീ. പി. സി. ജോർജ് | വിദ്യാഭ്യാസ വായ്പയ്ക്ക് പ്രഖ്യാപിച്ച ഇളവ് | മുഖ്യമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. വി. ടി. ബൽറാം | കൂറ്റനാട് മലറോഡ് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് | മുഖ്യമന്ത്രിയ്ക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 4 | ശ്രീ. വി. എസ്. അച്യുതാനന്ദൻ | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ് പുനരുദ്ധരിക്കുന്നത് | വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി |
| 5 | ശ്രീ. മഞ്ഞളാംകുഴി അലി | താഴേക്കോട്, ആലിപ്പറമ്പ് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന CARWSS കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീ. എൻ. വിജയൻ പിള്ള | നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നത് | തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ വി. അബ്ദുറഹിമാൻ | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 8 | ശ്രീ. ആർ. രാജേഷ് | മാവേലിക്കര ജില്ലാ ആശുപത്രിയിൽ, തസ്തികകൾ സൃഷ്ടിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. അനിൽ അക്കര | തൃശ്ശൂർ ഗവ. മെഡിക്കൽ കോളേജിലെ ലാബ്, ഡയാലിസിസ് യൂണിറ്റുകൾ ശരിയായി പ്രവർത്തിക്കാത്തതുമൂലമുണ്ടായ മരണങ്ങൾ | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. ബി. ഡി. ദേവസ്സി | ചാലക്കുടി, അങ്കമാലി റെയിൽവേ സ്റ്റേഷനുകളിൽ പ്രധാന ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

The Ministers made statements on the respective subjects.

*Papers Laid on the Table:*

The answers to the following questions along with statements showing the reason for delay in submitting them as per Rule 47(2) were laid on the table:

| നിയമസഭ | സമ്മേളനം | നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ |
|---|---|---|
| 13 | 12 | 957, 4136 |
| 13 | 15 | 3027 |
| 13 | 16 | 200, 1566 |
| 14 | 2 | 825, 1543, 1577, 2679, 2897, 5473, 5487, 5977, 6283, 6332 |
| 14 | 4 | 36, 136, 182, 195, 215, 216, 276, 351, 874, 1938, 1961, 2185, 2373, 3514, 4102 |

*Presentation of Reports:*

The Eighth to Tenth Reports of the Committee on Subordinate Legislation were presented.

*Financial Business* :

Discussion and Voting on Demands For Grants in the Budget for the financial year 2017-2018

Shri G. Sudhakaran, Minister for Public Works and Registration moved Demand No. XV—Public Works for the amount shown against it under column 7 in the list of Demand for Grants and Shri P. Thilothaman, Minister for Food and Civil Supplies moved Demand No. XXX—Food for the amount shown against it under column 7 in the list of Demand for Grants.

DR. T. M. Thomas Isaac, Minister for Finance and Coir laid on the Table the statement under rule 236(3) relating to the Demands.

Cut Motion Numbers 2, 3, 4, 5, 7, 8, 9, 10, 12, 13, 14, 22, 25 and 26 in the list of Cut Motions under Demand No. XV and Cut Motion Nos. 2, 3, 5, 6, 7, 8, 9, 11, 14, 15, 16, 17, 22, 23, 24, 25, 27, 28 and 29 in the list of Cut Motions under Demand No. XXX were moved.

The following Members took part in the discussion:

Shri B. Sathyan

Shri K. S. Sabarinathan

Shri Chittayam Gopakumar

Shri K. B. Ganesh Kumar

Shri N. Samsudheen

Shri Mons Joseph

Smt George M. Thomas

Shri Anoop Jacob

Shri Murali Perunelly

Shri P. C. George

Shri V. Joy

Shri V. P. Sajeendran

Shri G. S. Jayalal

Shri C. Mammutty

Shri A. Pradeepkumar

Shri A. P. Anil Kumar.

Shri G. Sudhakaran, Minister for Public Works and Registration and Shri P. Thilothaman, Minister for Food and Civil Supplies replied to the points raised in the discussion. The Cut Motions moved were withdrawn by the leave of the House. Then the Demands No. XV and XXX were put to vote and passed by the House.

The House adjourned at 4.10 p.m. to meet again at 8.30 a.m. on Thursday May, 11, 2017.

V. K. BABU PRAKASH,

*Secretary.*